

# പ്രസാധക കുറിപ്പ്



വിശ്വജയം പബ്ലിക്കേഷൻസിന്റെ പ്രസീദ്ധീകരണമാണ് ശ്രീമദ് വിഷ്ണുമായ കുക്ഷിശാസ്താ (കുട്ടിച്ചാത്തൻ) പുണ്യപുരാണം. വിശ്വജയം പബ്ലിക്കേഷൻസിനോടൊപ്പം കേരളകളമെഴുത്ത് പാട്ട് കലാസാഹിത്യസംഘവും തൃശ്ശൂർ Reg No. TCR 680/2011 പങ്കാളിയാകുന്നു.

കലിയുഗത്തിൽ മാനവർക്ക് അനുഭവിക്കേണ്ടിവരുന്ന മാനസികസംഘർഷങ്ങൾ മുൻകൂട്ടി തന്നെ നമ്മുടെ പൂർവ്വികൻമാർ നൂറ്റാണ്ടുകൾക്ക്മുൻപ് തന്നെ വളരെ വ്യക്തമായി എഴുതിവെച്ചിരിക്കുന്നു. അതിനുള്ള പരിഹാരവും അവർ തന്നെ നമുക്ക് പറഞ്ഞുതരുന്നുണ്ട്. സമ്പത്തുനേടാത്തവന് സമൂഹം കൊടുക്കുന്ന സ്ഥാനപേരാണ് ദരിദ്രൻ. അവനെന്നും എപ്പോഴും പിൻനിരയിലെ നിൽക്കൂ. നല്ലവസ്ത്രവും നല്ലപാർപ്പിടവും സമൂഹത്തിൽ മാന്യമായ സ്ഥാനവും ഇല്ലാത്തവന്റെ ജീവിതം "ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എന്നതു പോലെയാണ് എന്നുകരുതി ഏത് ഹീനകൃത്യവും ചെയ്തു പണമുണ്ടാക്കാം എന്നല്ല. അപ്പോൾ പിന്നെ ശ്രേയസ്സുനേടണമെങ്കിൽ ധനം ഉണ്ടാകുകയും അത് ശ്രേഷ്ഠമായ മാർഗ്ഗത്തിൽ ആയിരിക്കുകയും വേണം. അവിടെയാണ് വിഷ്ണുമായ ഭഗവാന്റെ പ്രസക്തി വ്യക്തമാകുന്നത്. വിഷ്ണുമായ ചാത്തൻസ്വാമിയെ ആരാധിച്ചാൽ സ്വാമി സ്വർണ്ണ കിഴികൾ തരുമെന്നല്ല. പക്ഷെ ധനം നേടുവാനുള്ള ഉത്തമാർഗ്ഗത്തിലേക്ക് സ്വാമി നമ്മെ നയിച്ചിരിക്കും. മാത്രവുമല്ല സ്വാമിയെ ആരാധിച്ചു തുടങ്ങിയാൽ എത്രയും പെട്ടെന്നു തന്നെ അതിന്റെ ഫലസിദ്ധി കൈവരിക്കും എന്നുളളത് എടുത്തുപറയേണ്ട ഒരു വസ്തുതയാണ്. അങ്ങനെയുള്ള അനേകം അനുഭവസ്ഥരും നമ്മുക്ക് ചുറ്റും ഉണ്ട്.

ഈ പുണ്യഗ്രന്ഥപാരായണത്തിലൂടെ നാമറിയാതെ തന്നെ നമ്മളിലെ സർവ്വ ദുഃഖവിനാശം, രോഗങ്ങളിൽ നിന്നുള്ള മോചനം, സന്തോഷം, സമാധാനം, സത്യസന്ധത, സത്കീർത്തി, യശസ്സ്, ധന സമ്പാദ്യം, എന്നിങ്ങനെ സർവ്വൈശ്വര്യ പ്രാപ്തി കൈവരട്ടെയെന്ന് ശ്രീ വിഷ്ണുമായ ഭഗവാനോട് പ്രാർത്ഥിച്ചുകൊണ്ട് സർവ്വ സജ്ജനങ്ങൾ ക്കുമായി ഈ പുണ്യഗ്രന്ഥം സമർപ്പിക്കുന്നു.

ഈ പുണ്യപുരാണത്തിൽനിന്നും കിട്ടുന്ന സംഖ്യയുടെ നല്ലൊരുഭാഗവും ഭഗവാന്റെ നാമത്തിൽ പുണ്യകർമ്മങ്ങൾക്കായി ചിലവാക്കുന്നതാണ്.

**ജയൻ കൂനാക്കംപ്പിള്ളി**
**വിശ്വജയം പബ്ലിക്കേഷൻ**

**എം.എം. വേലായുധൻ**
**വിശ്വജയം പബ്ലിക്കേഷൻ**

# വിഷ്ണുമായാപുരാണം

നമോ/സ്തു വിഷ്ണവേ തസ്മൈ
യസ്യാഭിന്നമിദം ജഗത്
ധ്യേയഃ സ ജഗതാമാദ്യഃ
പ്രസീദതു മമാ/വ്യയഃ

ഹൈന്ദവധർമ്മത്തെക്കുറിച്ച് ജനസാമാന്യത്തിന് പരിചയം സിദ്ധിക്കുന്നത് പുരാണങ്ങളിലൂടെയാണ്. വേദ-വേദാന്തങ്ങളും - ദർശനങ്ങളുമെല്ലാം ഒരു അഭിജ്ഞതലത്തിൽ മാത്രമാണ് നിലനിൽക്കുന്നത്. ഇതുപോലെ ഈശ്വരാരാധനയുടെ താത്വികഘടനയും ഇന്ന് ജനസാമാന്യത്തിന് അന്യമാണ്. നിർഗുണനിരാകാരം - സഗുണനിരാകാരം - സഗുണസാകാരം - ഈ വിധമുള്ള ഉപാസനാമാർഗങ്ങൾ തന്നെ - ആദ്യത്തെ രണ്ടും അത്യന്തം ശുഷ്ക്കമായിരിക്കുന്നു. സഗുണസാകാരം തന്നെ പണ്ഡിതന്മാരോ - ആത്മീയ വാദികളോ ജഡാരാധന എന്ന് വിമർശിക്കുന്ന പ്രതീകോപാസനയിൽ എത്തിയിരിക്കുന്നു. പ്രതീകോപാസനയുടെ വിപുലമായ പ്രായോഗിക വേദികളാണ് ക്ഷേത്രങ്ങൾ. ക്ഷേത്രോപാസനയുടെ പിന്നിലും അതിവിശിഷ്ടങ്ങളായ യോഗ-തന്ത്രമാർഗ്ഗരഹസ്യങ്ങൾ നിലകൊള്ളുന്നു.

മൂർത്തികല്പനയിൽ - സൃഷ്ടി-സ്ഥിതി-ലയ കർത്താക്കളായി - ബ്രഹ്മ- വിഷ്ണു - മഹേശ്വരന്മാർ ആരാധ്യരാണ്. ഇവിടേയും ജനസാമാന്യം - സൃഷ്ടി - ലയകർത്താക്കളെ വിസ്മരിച്ചുകൊണ്ടാണ് ആരാധനകൾ നടത്തിവരുന്നത്. ഏതൊരു ദേവതാരാധനയും ഭൂരിപക്ഷത്തിൽ ഭൗതികമായ വർത്തമാനകാലത്തെ ശ്രേയസ്സിനായി മാത്രം ചെയ്തുവരുന്നു എന്ന് പറഞ്ഞാൽ അധികപ്പറ്റാകില്ല. സൃഷ്ടമായ പ്രപഞ്ചത്തിലെങ്ങും നിറഞ്ഞുനിൽക്കുന്ന ഈശ്വര ചൈതന്യമാണല്ലോ വിഷ്ണു. വിഷ്ണുവിനെ വിരാട് പുരുഷനായി ഭാവിക്കുമ്പോൾ അതിൽ നിന്നും അന്യമല്ലാത്ത ചലനാത്മകശക്തിയാണ് മായ. ഈ മായാ പ്രഭാവമാണ് പ്രപഞ്ചം. മായാ വൈഭവം അനന്തവും, അചിന്ത്യവും, അവാച്യവുമായി നിലകൊള്ളുന്നു. ഭഗവാൻ നാരദാദിമുനിമാരെ സ്വമായാവൈചിത്ര്യം കാട്ടിക്കൊടുക്കുന്ന കഥകളുണ്ട്. ഇങ്ങനെ വിഷ്ണുമായാ സ്വരൂപത്തെ വിവിധ രീതികളിൽ നൂറ്റാണ്ടുകളായി നാം ആരാധിച്ചു വരുന്നു. "യേ യഥാ മാം പ്രപദ്യന്തെ താൻ തഥൈവ ഭജാമ്യഹം" എന്ന ഗീതാവചനപ്രകാരം ഈ ആരാധനകളെല്ലാം സഫലങ്ങളായി തുടരുകയും ചെയ്യുന്നു.

കേരളത്തിലെ ഹിന്ദുക്കളുടെ ഒരു പ്രമുഖ ആരാധനാമൂർത്തിയാണ് വിഷ്ണുമായാ ചാത്തൻ. പ്രാദേശികമായി വിവിധ നാമങ്ങളിൽ അറിയപ്പെടുന്ന ഈ മൂർത്തിക്ക് അനേകം അനേകം അപദാനകഥകളും, ആരാധനാക്രമങ്ങളുമുണ്ട്-അതിൻ പ്രകാരം വിഷ്ണുമായാ ചാത്തൻ, കരിംകുട്ടിചാത്തൻ, ചേക്കുട്ടി, പൂക്കുട്ടി, തീക്കുട്ടി, പാഞ്ചാത്തൻ, കരിയാത്തൻ,

**മൂക്കൻചാത്തൻ എന്ന് ചാത്തന്മാർ 336+64 വരുമെന്ന് പറയപ്പെടുന്നു. അവരുടെ പേരുവിവരവും ഈ ഗ്രന്ഥത്തിൽ നിന്ന് ലഭിക്കുന്നു.**

**തലമുറകളായി വിഷ്ണുമായാ സ്വാമിയുടെ മുഖ്യമായ ആരാധന (കളമെഴുത്തു പാട്ട്, തിറ മുതലായവ) നടത്തുന്ന സമൂഹത്തിലെ സാധകന്മാരിൽ നിന്നും ലഭിക്കുന്ന ഈ പുരാണപരിചയം ഭക്തന്മാർക്ക് വലിയൊരു മുതൽക്കൂട്ടാണ്. കളമെഴുത്തും, കലശവും, പാട്ടും, തോറ്റവുമെല്ലാം പാരമ്പര്യമായി നടത്തിവരുന്ന ഈ പുണ്യവാന്മാരിൽ നിന്നും മുൻപറഞ്ഞ ആരാധനാ രഹസ്യങ്ങളിലേക്ക് വെളിച്ചം വീശുന്ന അനേകം ആധികാരിക രചനകൾ ഉണ്ടാകട്ടെ എന്ന് മായാമയനായ വിഷ്ണുമായസ്വാമിയോട് പ്രാർത്ഥിച്ചുകൊണ്ട് ഈ വാക്കുകൾ തൽക്കാലം നിർത്തുന്നു. നമസ്ക്കാരം.**

**ബ്രഹ്മശ്രീ : Dr. T.S. വിജയൻ തന്ത്രികൾ (കാരുമാത്ര)**
**Ph : 0480 2862243**
**സംസ്കൃതാദ്ധ്യാപകൻ**
**സംസ്കൃതം – M.A., Bed**
**PHD ശ്രീനാരായണ ഗുരുദേവകൃതികളിലെ തന്ത്രസ്വാധീനം**
**(സംസ്കൃതി സംസ്ഥാൻ – ന്യൂഡൽഹി)**
**300–ൽ പരം ക്ഷേത്രങ്ങളിലെ തന്ത്രി**



"ഓം"

യജ്ഞ, തപ, ജ്ഞാന മാർഗ്ഗങ്ങളിലൂടെ മോക്ഷം നേടാൻ കഴിഞ്ഞിരുന്ന കൃത, ത്രേത, ദ്വാപരയുഗങ്ങളിൽ നിന്നും വ്യത്യസ്തമാണ് കലിയുഗം. സത്യവും ധർമ്മവും നീതിയും തലകുത്തനെ നിൽക്കുന്ന കലിയുഗത്തിൽ യുക്തികൊണ്ട് മാത്രം മനുഷ്യമനസ്സ് സംതൃപ്തമാകില്ല. അതിന് ഭക്തിതന്നെ വേണം വേദവേദാന്തങ്ങൾ ദഹിക്കാത്ത സാധാരണക്കാരന് ഭക്തിയുടെ സോപാനങ്ങൾ കയറാൻ പുണ്യപുരാണങ്ങൾ സഹായകമാകുന്നു. ആ നിലക്ക് ശ്രീമദ് വിഷ്ണുമായ പുണ്യപുരാണം ഒരു നല്ല കാൽവെപ്പാണ്. സാധാരണ പുരാണങ്ങളുടെ ആഖ്യാനരീതിതന്നെയാണ് ഈ പുരാണവും പിൻപറ്റുന്നത്. വിഷ്ണുമായ ആരാധന ധാരാളം ഭക്തരിൽ ആനന്ദവും ആശ്ചര്യവും ഉണ്ടാക്കുന്നുണ്ട്. അത്തരക്കാർക്ക് മാത്രമല്ല ഹൈന്ദവരായ എല്ലാവർക്കും അറിഞ്ഞ് ആരാധിക്കുവാൻ ഈ ഗ്രന്ഥം സഹായകമാകുന്നു. മറ്റു പുരാണങ്ങളിലേക്കും മഹാഭാരതമെന്ന ഇതിഹാസത്തിലേക്കും ഈ ഗ്രന്ഥത്തിൽ നിന്നും ചില കിളിവാതിലുകൾ തുറക്കുന്നുണ്ട്. മഹാവിഷ്ണുമായ തന്നെയാണ് പറശ്ശനികടവിലെ മുത്തപ്പനിലെ ചൈതന്യമെന്നത് വായനക്കാർക്കൊരു പുതിയ അറിവായിരിക്കും എന്നു തോന്നുന്നു. "വിഷ്ണുമായയിൽ ശിവന്റെ പുത്രനായവൻ" എന്ന അയ്യപ്പ ജനനത്തിന്റെ അടിസ്ഥാനവും ഒരു പുതിയതലത്തിൽ നമ്മൾ മനസ്സിലാക്കുന്നു. ഈശ്വരാനുഗ്രഹത്തിന് ജാതിഭേദമില്ലെന്ന നഗ്നമായ സത്യം ഈ ഗ്രന്ഥം അനാവരണം ചെയ്യുന്നു. ഉച്ചനീചത്വങ്ങൾക്ക് അടിസ്ഥാനമില്ലെന്ന് ഇതിലും നന്നായി എങ്ങിനെ സമൂഹത്തിലെത്തിക്കും?

വിഷ്ണുമായ പുരാണത്തോടൊപ്പം ഹിന്ദുക്കളുടെ ആചാരങ്ങളും അവർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളും ഇതിൽ ചേർത്തിരിക്കുന്നത് ഉചിതമായി. ധർമ്മത്തിലേക്കുള്ള പ്രകടിതമാർഗ്ഗം ആചാരങ്ങളാണ്. ലോകത്തിലെ ഏറ്റവും പ്രാചീനവും അതോടൊപ്പം സനാതനവുമായ ഹൈന്ദവധർമ്മം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി അതിന്റെ അനുയായികൾ ധർമ്മപഠനം നടത്തുന്നില്ല എന്നതാണ്. ഇത്തരത്തിലുള്ള ഓരോ പരിശ്രമവും അതുകൊണ്ടു തന്നെ മാതൃകാപരമാകുന്നു.

ഹിന്ദുദൈവത്തോളം പ്രാധാന്യം രാഷ്ട്രത്തിനും അതിർത്തി കാക്കുന്ന ഭടന്മാർക്കും നൽകുന്നതാണ്. ഭാരതമെന്ന രാഷ്ട്രത്തിന്റെ മഹത്വം, നേട്ടങ്ങൾ അതുകൂടി ചേർത്തപ്പോൾ ഈ ഗ്രന്ഥം തികച്ചും ഒരു മുതൽ കൂട്ടായി.

പുരാണങ്ങൾ ഭക്തി, സംവർദ്ധകങ്ങളാകണം എന്ന തലത്തിൽ ഈ ഗ്രന്ഥം ആ ധർമ്മവും നിറവേറ്റുന്നു. വിഷ്ണുമായ ഭക്തികൊണ്ടുള്ള ഫലസിദ്ധി മനുഷ്യമനസ്സിനെ ആർദ്രമാക്കും വിധത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഗ്രന്ഥകാരന്റെ ഈ ദൗത്യത്തിന് എല്ലാവിധ മംഗളങ്ങളും നേരുന്നു.

ശശികല ടീച്ചർ

ഹിന്ദു ഐക്യവേദി



"ഓം"

ആർഷഭൂമിയിലെ ദേവതാസങ്കല്പങ്ങളിൽ എന്തുകൊണ്ടും പുകഴ്പെറ്റതാണ് വിഷ്ണുമായ സങ്കല്പം. അനവധി നിരവധി അനുഭവങ്ങളിലൂടെയും അനുഭൂതികളിലൂടെയും ദേശാന്തരങ്ങളിൽ പോലും പ്രചരിച്ചുകൊണ്ടിരിയ്ക്കുന്നതാണ് വിഷ്ണുമായചരിത്രം വിഷ്ണുമായ സങ്കല്പത്തെ ഇങ്ങിനെ നമുക്ക് കാണാം.

ബ്രഹ്മത്തിൽനിന്നും അഥവാ പരമപുരുഷനിൽ നിന്നും പ്രകൃതിയുണ്ടായി ബ്രഹ്മത്തിൽനിന്നുണ്ടായ പ്രകൃതിയെ മായ എന്നു സംബോധന ചെയ്യാം. ഈ മായയാകുന്ന പ്രകൃതിയിൽ നിന്നും പ്രപഞ്ചമുണ്ടാകുന്നു. അനന്തവും ഏകവും ആയ ബ്രഹ്മത്തിൽ നിന്നും അല്ലെങ്കിൽ പരമപുരുഷനിൽനിന്നു അനേകമായ് മാറുന്ന പ്രകൃതിയെയാണ് "മായ" എന്നറിയപ്പെടുന്നത്. ബ്രഹ്മത്തിൽ നിന്നും അനേകമായി മാറിയ പ്രപഞ്ചത്തിന് മറ്റൊരു അസ്തിത്വവും ഇല്ല. ബ്രഹ്മം തന്റെ തമോമയമായ ബിംബം തന്നിലേക്ക് പ്രക്ഷേപിച്ചതിന്റെ പ്രതിഫലനമായി മായയും തേജോമയമായ ബിംബം പ്രക്ഷേപിച്ചതിന്റെ പ്രതിഫലനമായി വിശ്വം മുഴുവൻ വ്യാപിച്ചിരിക്കുന്ന വിഷ്ണുവും, ഇങ്ങിനെ വിശ്വം മുഴുവൻ വ്യാപിച്ചിരിക്കുന്ന വിഷ്ണുവും, മായയും ഉണ്ടാകുന്നു.

ബ്രഹ്മത്തിന്റെ സാന്നിദ്ധ്യത്തിൽ തമോമയമായ പ്രകൃതിയായ മായ സത്വഗുണ രജോഗുണ, തമോഗുണമായ സ്വരൂപത്തെ പ്രാപിച്ച് പ്രപഞ്ച പ്രതിഭാസമായി തീരുന്നു. ഇപ്പോൾ ബ്രഹ്മത്തിൽനിന്നുടലെടുത്ത മായയും (പ്രപഞ്ചവും) ബ്രഹ്മാവും ഒന്നെന്ന് പറയാൻ കഴിയാത്ത സ്ഥിതിയാകുന്നു. ഇങ്ങിനെയുള്ള പ്രപഞ്ചം സ്വയം വ്യാപനം ചെയ്യുകവഴി ജീവിയുടെ (ശരീരിയുടെ) കർമ്മേന്ദ്രിയങ്ങളായ വാക്ക്, കൈകൾ, കാലുകൾ, ജനനേന്ദ്രിയം, വിസർജ്ജനേന്ദ്രിയം, ഇവയും ജ്ഞാനേന്ദ്രിയങ്ങളായ കണ്ണ്, ചെവി, മൂക്ക്, നാക്ക്, ത്വക്ക് എന്നിവയും ഇവയ്ക്കാധാരമായ പഞ്ചഭൂതങ്ങൾ ജലം, ഭൂമി, അഗ്നി, വായു, ആകാശം അവയുടെ ഗുണവിശേഷണങ്ങളായ ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധങ്ങളായും മാനസികപരിവർത്തനത്തിലൂടെ 24 ഗുണങ്ങളുടെ പ്രപഞ്ച പ്രതിഭാസമായ മായയും പരമപുരുഷനേയും ചേർത്ത് 25 തത്വങ്ങളുടെ സമ്മേളനം ആകുന്നു. സഗുണ ജീവാത്മഭാവം കൈകൊണ്ടതാണ്. സാദൃശ്യമില്ലാത്ത തോന്നലിന് കാരണമായതായ വിഷ്ണുമായ എന്ന സങ്കല്പം.

എകൈവ ശക്തിഃ പരമേശ്വരസ്യ
ഭിന്നാ ചതുർത്ഥാഃ വിനിയോഗകാലേ
ഭോഗേ ഭവാനീ പുരുഷേഷു വിഷ്ണുഃ
കോപേഷു കാളീ സമരേഷു ദുർഗ്ഗാ എന്നിങ്ങനെ

ഒരേയൊരു ചൈതന്യത്തെ ഭിന്നരൂപങ്ങളിൽ ദർശിക്കാവുന്നതാണ്. വിഷ്ണു മായയുടെ പുണ്യപുരാണത്തിന് ഒരു ആമുഖം എന്നതുകൊണ്ടുതന്നെ പുരാണത്തെ കുറിച്ചൊരു വാക്ക്. പുരാണം എന്നതു തന്നെ ശബ്ദാത്മകമായ അണുധാതുവിനെ ആശ്രയിച്ച് പുരാ + അണു = അതീതവും അനാഗതവും (കഴിഞ്ഞ പോയതും, വരാൻ പോകുന്നതും) എന്നതാകുന്നു. പദാർത്ഥങ്ങളുടെ മൂലകണികകൾക്ക് പരിവർത്തനം സംഭവിച്ചതാണ് പുരാണം എന്നതു പദാർത്ഥങ്ങളുടെ മൂലകണികകൾ അനങ്ങാനാവാത്തവിധം കെട്ടുപിണഞ്ഞു കിടക്കുന്ന അണുസമൂഹത്തെ (ആറ്റത്തെ) പ്രപഞ്ചസൃഷ്ടിയുടെ ഏറ്റവും താഴത്തെപടിയായ ഘനീഭൂതാവസ്ഥ എന്നു പറയുന്നു. ഇങ്ങിനെ ഘനിഭൂതാവസ്ഥ ആകുന്നതിന് തൊട്ടുമുമ്പുള്ള അവസ്ഥ ചലനാത്മകമായിരിക്കും. ഈ ചലനാത്മകമായ അവസ്ഥയെ ജലഭൂതം എന്നു പറയുന്നു. ഇങ്ങിനെയുള്ള ജലഭൂതാവസ്ഥയിൽ രാസപരിണാമം സംഭവിക്കുന്നു അത് അഗ്നിയുടെ അവസ്ഥയിലെത്തിച്ചേരുന്നതിനെ അഗ്നിഭൂതം എന്നുപറയുന്നു. ഇങ്ങിനെ രാസപരിണാമം വന്നു അണു സമൂഹത്തെ വീണ്ടും പരിവർത്തനം വരുത്തിയാൽ ആയത് ഊർജ്ജരൂപത്തിലാവും. പരമാണുവിന്റെ ഈ അവസ്ഥയെ വായു എന്നു പറയുന്നു. ഈ ഊർജ്ജരൂപത്തിലുള്ള വായുവിന് പരിണാമം വരുന്നത് തരംഗരൂപത്തിലായിരിക്കും. ഇതിനെ ആകാശഭൂതം എന്നു പറയുന്നു. ഇങ്ങിനെ പദാർത്ഥങ്ങളുടെ മൂലകണികയായ പരമാണുവിന് പരിണാമം സംഭവിച്ച് പഞ്ചഭൂതങ്ങളും അവയിൽ നിന്നു അവയുടെ ഗുണസ്വരൂപമായ തന്മാത്രകളും ഉണ്ടാകുന്നു. ഇതു സംഭവിക്കുന്നത്, ഇതിന്റെ ഉപസംഹാരവും പുരാതനമായി തന്നെ നടന്നുവരുന്നതും വരാൻപോകുന്നതും അണുവിൽ നിന്നാകുന്നതുകൊണ്ട് മറ്റൊന്നിനും ഈ പരിവർത്തനം ഇല്ലാത്തതുകൊണ്ടും ഈ അണുവിന്റെ പരിവർത്തനത്തെ പുരാണം എന്നുപറയുന്നു. (പുരാ, നവ, ഇതിപുരാണം) നമുക്ക് പരിചയമുള്ള പുരാണത്തിൽ നിഗൂഢമായ തത്വങ്ങളെ കഥാരൂപത്തിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. സ്വതവേ മഹാപുരാണങ്ങൾ പത്തുലക്ഷണത്തോട് കൂടിയതാണ്.

"സൃഷ്ടിശ്ചാപി വിസൃഷ്ടിച്ച സ്ഥിതിസ്തേഷാം ച പാലനം
കർമ്മണാം വാസനാ വാർത്താ മനുനാം ച ക്രമേണ ച
വർണ്ണനം പ്രളയാനാം ച മോക്ഷസ്യ ച നിരുപണം
ഉൽകീർത്തനം ഹരേരേവ വേദാനാം ച പൃഥക് പൃഥക്
ദശാധികം ലക്ഷണം ച മഹതാം പരികീർത്തനം"

സാമാന്യേന പുരാണത്തിൽ അഞ്ച് ലക്ഷണമെങ്കിലും വേണം

അവ

"സൃഷ്ടിപ്രവൃത്തി സംഹാരധർമ്മ മോക്ഷപ്രയോജനം
ബ്രഹ്മഭിർ വിവിധൈഃ പ്രോക്തം പുരാണം പഞ്ചലക്ഷണം"

ഇവയാകുന്നു പുരാണത്തിന്റെ ലക്ഷണങ്ങൾ പൊതുവെ പുരാണത്തിൽ മൂന്നു വംശപരമ്പരകളുടെ കഥയുണ്ടായിരിക്കണം. അവ സൂര്യവംശം, ചന്ദ്രവംശം, അഗ്നിവംശം, ഇതായിരിക്കും സൂര്യവംശരാജാക്കന്മാരുടെയും, ചന്ദ്രവംശരാജാക്കന്മാരുടെയും, അഗ്നി വംശ രാജാക്കന്മാരുടെയും വംശപരമ്പരകഥകൾ പുരാണങ്ങൾ സുഗമമായി കൈകാര്യം ചെയ്യുന്നത് പലപുരാണങ്ങളിലും ഈഷൽ ഭേദത്തോട് കൂടിയായിരിക്കും കാണുന്നത്. ഈ

വ്യത്യാസം ഓരോ പുരാണവും ജാഗ്രത, സ്വപ്നം, സുഷുപ്തി, തുരീയം, തുരീയാതീതം എന്നിങ്ങനെ ഓരോ അവസ്ഥയിലായിരിക്കും രചിച്ചിരിക്കുന്നത് അതുകൊണ്ടുതന്നെയാണ് വംശപരമ്പര കഥകളിൽ ചെറിയ വ്യത്യാസം കാണുന്നത്. ഈ വിഷയം പിംഗളനാഡി എന്നറിയപ്പെടുന്ന സൂര്യനാഡിയും, ഇഡ എന്നറിയപ്പെടുന്ന ചന്ദ്രനാഡിയും സുഷുമ്ന എന്നറിയപ്പെടുന്ന അഗ്നിനാഡിയിലൂടെയുള്ള ജീവാത്മാവിന്റെ ഈശ്വരീയമായ പ്രയാണത്തെ കാണിക്കുന്നു.

ശ്രീവിഷ്ണുമായ ഭക്തോത്തമനായ മുരിയംകാട്ടിൽ ശ്രീ വിശ്വനാഥൻ (ഗുരുകുലം) രചിച്ച ശ്രീമദ്-വിഷ്ണുമായ പുണ്യപുരാണം ഭക്തിയുടെ നവഭാവങ്ങളും സ്വഅനുഭവത്തിലൂടെ സാക്ഷാൽക്കരിച്ച പ്രതിഫലനമായ് നമുക്ക് കാണാവുന്നതാണ്. പതിനാറ് വർഷത്തിലധികം കാലം വിഷ്ണുമായ സ്വാമിയുടെ കഥകൾ ശ്രവിച്ചും സ്വാമിയുടെ കീർത്തനങ്ങൾ ആലപിച്ചും സ്വാമിയെ തന്നെ സ്മരിച്ചും, സ്വാമിയുടെ പാദസേവനമായ് ദേശാന്തരങ്ങളിൽ ഗമിച്ചും ക്ഷേത്രം  പണികഴിപ്പിച്ചും, കളമെഴുത്തും പാട്ടും നടത്തിയും അർച്ചനകൾ ചെയ്തും  സ്വാമിയെ തന്നെ വന്ദിച്ചും സ്വാമിയുടെ ദാസനായും ഏതൊരു വിഷയത്തിനും സ്വാമിയെ സഖിയായ് കണ്ടിട്ടുള്ള ശ്രീ വിശ്വനാഥന്റെ ആത്മനിവേദനമാണ് ഈ കൃതിയിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്. അദ്ദേഹത്തിന്റെ ഭക്തിയുടെ അവിവേകപരമായ തീരുമാനമായാണ് ഈ കൃതിയുടെ പേരിനെ ദർശിക്കേണ്ടത്.

ഈ പുരാണത്തിൽ അദ്ദേഹം പ്രപഞ്ചസൃഷ്ടി മായോൽപത്തി തുടങ്ങി വിഷ്ണുമായ സ്വാമിയുടെ കഥാരൂപത്തിലുള്ള ഉല്പത്തി, കരിങ്കുട്ടി ജനനം, ഭൃംഗാസുരാദി ജലന്തരന്മാരുടെ പിറവി, വിഷ്ണുമായസ്വാമി പറശ്ശനികടവു മുത്തപ്പന്റെ രൂപത്തിലുള്ള ഭാവദർശനം, വിഷ്ണുമായ കുബേരദർശനം, രാവണാദി രാക്ഷസന്മാരെ ഹനിക്കുന്ന ശ്രീരാമാദികളെ ദിവ്യായുധരൂപത്തിൽ സഹായിക്കുന്നതും, ശ്രീരാമസവിധത്തിലുള്ള സഹവാസം, ഭക്തരക്ഷണാർത്ഥം പട്ടേരിയുടെ പരീക്ഷണം, ദാരികവധത്തിൽ ശ്രീഭദ്രകാളിയുടെ കൂടെയുള്ള വിഷ്ണു മായയുടെ ചാതുര്യം ഗുരുക്കന്മാരുടെ ഉത്ഭവം മുത്തപ്പന്മാരുടെ പിറവി സ്കന്ദവിഘ്നേശ്വര ഉൽപ്പത്തി തുടങ്ങി വിഷ്ണുമായ ആരാധനരീതികൾ. കുട്ടിച്ചാത്തന്മാരുടെ പേരുകൾ തുടങ്ങി ഒരു ഭക്തൻ ജീവിത വിജയത്തിന് അനുഷ്ഠിക്കേണ്ടതായ, അറിയേണ്ടതായ വിഷയങ്ങൾ, ഭക്തിയുടെ ഒൻപത് ഭാവങ്ങളിലൂടെ ലയിച്ച്, സാക്ഷാൽ ശ്രീവിഷ്ണു മായസ്വാമിയായി മോക്ഷം പ്രാപിക്കാൻ ഉതകുന്നതാണ് മുരിയംകാട്ടിൽ ശ്രീ വിശ്വനാഥൻ (ഗുരുകുലം)ന്റെ ശ്രീമദ്-വിഷ്ണുമായ പുണ്യപുരാണം എന്ന ഗ്രന്ഥത്തിലൂടെ സാദ്ധ്യമാകുന്നത്.

ശ്രീമഹാവിഷ്ണുമായസ്വാമിയുടെ ഐശ്വര്യ കടാക്ഷങ്ങൾ
ഈഗ്രന്ഥപാരായണത്തിലൂടെഏവർക്കും
ലഭിക്കുമാറാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊള്ളുന്നു.

എന്ന്,

ചിത്രാംഗദൻ തന്ത്രി
9447529019

ഓം

തികഞ്ഞ ഒരു രചനതന്നെ മഹാവിഷ്ണുമായയെക്കുറിച്ച് പിറവികൊള്ളട്ടെ എന്നു കരുതിയാണ് ഞങ്ങൾ ശ്രീമഹാവിഷ്ണുമായയുടെ പതിനൊന്ന് പേജിൽ ഉൾക്കൊണ്ടിരുന്ന ചരിത്രം ഇവിടെനിന്നും പൂജിച്ച് കൊടുത്തത് എന്നാൽ ഇന്നത് ഒരു വടവൃക്ഷമായി പടർന്ന് പന്തലിച്ചുകഴിഞ്ഞിരിക്കുന്നു. അതിനാൽ ഞങ്ങൾ വളരെ സന്തുഷ്ടരാണ്. അതുപോലെ ഈ പുണ്യപുരാണം വായിക്കുന്ന എല്ലാ ഭക്തജനങ്ങൾക്കും മഹാവിഷ്ണുമായയുടെ അനുഗ്രഹവും സർവ്വ ഐശ്വര്യങ്ങളും വന്നു ഭവിക്കട്ടെ!

എന്ന്

കാട്ടുമാടം മന കാരണവർ
മലപ്പുറം



ॐ

"അസതോമ സദ്ഗമയ
തമസോമ ജ്യോതിർഗമയ
മൃത്യോർമ അമൃതം ഗമയ
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ"

ആത്മീയതയുടെ ആദ്യപാഠങ്ങളാണ് പുരാണങ്ങളെന്ന് പറയാം.

"ജന്മാന്തരകൃതപാപം
വ്യാധിരൂപേണ ജായതേ"


ജന്മജന്മാന്തരങ്ങളായി സഞ്ചിതകർമ്മ ഫലങ്ങളുടെ ഭാണ്ഡവുംപേറി ജീവിതമെന്ന നൗകയിൽ യാത്രചെയ്യുന്നവരാണ് മാനവരായ നമ്മൾ കാമക്രോധ ലോപമോഹ മതമാത്സര്യാദികളിൽപ്പെട്ട് ഉഴലുന്ന മാനവരുടെ ദുഃഖങ്ങളുടെയും ദുരിതങ്ങളുടെയും ഭാണ്ഡകെട്ടുകൾക്ക് ഭാരവും വലിപ്പവും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. അങ്ങനെയുള്ള ഭാണ്ഡത്തിന്റെ വലിപ്പവും ഭാരവും ഇല്ലാതാക്കണമെങ്കിൽ മോക്ഷമെന്ന ലക്ഷ്യത്തിലെത്തണം. ആ മോക്ഷത്തിൽ എത്തണമെങ്കിൽ ജ്ഞാനമെന്ന മാർഗ്ഗത്തിൽ സഞ്ചരിക്കണം. ജ്ഞാനമെന്ന മാർഗ്ഗത്തിന്റെ താക്കോൽ ഗുരുവെന്ന സത്യത്തിന്റെ കൈവശമാണുള്ളത്. ഗുരുവിൽനിന്നും ആ താക്കോൽ ലഭിക്കണമെങ്കിൽ ആത്മീയതയുടെ ആദ്യ പാഠങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. അങ്ങനെ ആദ്യപാഠങ്ങൾ അറിഞ്ഞുകഴിയുമ്പോൾ ഗുരുവെന്ന പ്രപഞ്ചസത്യത്തെ വേർത്തിരിച്ചറിയാൻ നമ്മൾ അറിയാതെ തന്നെ നമ്മളിൽ ജിജ്ഞാസ വർദ്ധിക്കും. ആ ജിജ്ഞാസയാണ് ഗുരുവെന്ന സത്യത്തിലേക്ക് നമ്മെ നയിക്കുന്നത്. ഓരോ ചെറിയ അറിവുപോലും പകർന്നുതരുന്നവർ ഗുരുക്കന്മാരാണ്. എന്നാൽ യഥാർത്ഥ ഗുരുവിനെ കണ്ടെത്തുകയെന്നത് പ്രയാസമേറിയ കാര്യമാണ്. യഥാർത്ഥഗുരുവിനെകണ്ടെത്തുന്നത് ഏതൊരുവ്യക്തിയുടെയും സത്കർമ്മ ഫലങ്ങളിലൂടെയാണ് അങ്ങനെ ഗുരുവെന്ന പ്രപഞ്ചസത്യത്തിന്റെ വെളിച്ചം ജ്ഞാനമായി നമ്മുടെ സിരകളിലേക്ക് പ്രവേശിക്കുന്നു. ആ ജ്ഞാനശക്തി സിരകളിലൂടെ ബോധമണ്ഡലത്തിലേക്ക് പ്രവേശിക്കുന്നു. ശക്തിയുടെ ഉറവിടം ബോധമാണ്. ബോധത്തിന്റെ സ്പന്ദനം ആരംഭിച്ചാൽ ശക്തിയുടെ ഉദയമായി. സ്പന്ദനം നിലച്ചാൽ ശക്തി ഇല്ലാതാകുന്നു. വികാരരൂപമായ മനസ്സ് ഏകാഗ്രമാകുമ്പോൾ പ്രാണസ്വരൂപിണിയായ കുണ്ഡലിനീശക്തി ഉണരും. മനസ്സ് സത്യബോധത്താൽ ഏകാഗ്രമാകുമ്പോൾ ശരീരത്തിനുള്ളിൽ വ്യാപിക്കുന്ന പ്രാണ പ്രസരണമാണ് കുണ്ഡലിനീ ശക്തിയെന്നുപറയുന്നത്.

കുണ്ഡലിനീ ശക്തിയുണർന്നാൽ അപാരമായ സിദ്ധികളിലേക്ക് കടക്കാം. ഏകാഗ്രത കടുത്തതാകുമ്പോൾ ദേഹത്താസകലമുള്ള പ്രസരണമുപേക്ഷിച്ച് പ്രാണൻ മദ്ധ്യനാടിയായ സുഷ്മനയിലേക്ക് പ്രവേശിക്കുന്നു. ഈ ശക്തി സഹസ്രാര പത്മത്തിലെത്തുമ്പോൾ സാധ

കൻ സാധനസിദ്ധിയുടെ ഉത്തുംഗശ്രൃംഗത്തിൽ വിരാചിക്കുന്നു. പ്രാണസാക്ഷാത്കാരമാണ് കുണ്ഡലിനിയോഗം സാധകന് സ്വശരീരത്തിൽ തന്നെ അനുഭവിച്ചറിയാൻ കഴിയുന്ന പ്രപഞ്ചശക്തി ചൈതന്യമാണ് കുണ്ഡലിനി. കുണ്ഡലാകൃതിയിൽ (സർപ്പം) കിടക്കുന്ന ശക്തി മൂലാധാരത്തിൽ നിന്ന് സഹസ്രാരപത്മത്തിൽ എത്തുമ്പോൾ ആയിരം തലകളുള്ള അനന്ദനെന്ന സർപ്പത്തെപ്പോലെ അനന്തതയുടെ സ്വരൂപമായി ഫണം വിടർത്തിയാടുന്നു. അതിന്റെ മദ്ധ്യഭാഗം ശയ്യയാക്കി പരമാത്മാവായ വിഷ്ണുരൂപം വിരാജിക്കുന്നു. അങ്ങനെ സർവ്വതാ ആനന്ദം സാധകന് പ്രാപ്തമാക്കുന്നു.


ശ്രീമാൻ വിശ്വനാഥൻ (ഗുരുകുലം) രചിച്ച ശ്രീമദ് വിഷ്ണുമായ കുക്ഷിശാസ്ത കുട്ടിച്ചാത്തൻ പുണ്യപുരാണ പാരായണത്തിലൂടെ ഏതൊരു സാധാരണ വ്യക്തിയെപോലും ഭക്തിയുടെ പരമോന്നതങ്ങളിൽ എത്തിച്ച് മോക്ഷമെന്ന ലക്ഷ്യത്തെ പ്രാപിക്കാൻ വേണ്ടുന്ന മാർഗ്ഗം കാണിച്ചുതരുന്നു. അതിനാൽ ഈ പുണ്യഗ്രന്ഥം ഒരു ഉത്തമഗുരുവിന്റെ സ്ഥാനവും വഹിക്കുന്നു. ഈ പുണ്യപുരാണത്തിന്റെ വഴിയിലൂടെ സഞ്ചരിച്ചാൽ തീർച്ചയായും മോക്ഷം കൈവരിക്കാൻ മാനവ ജീവിതത്തിന് നിഷ്പ്രയാസം സാധിക്കുന്നതാണെന്ന് ശ്രീ വിഷ്ണു മായ സ്വാമിയുടെ നാമത്തിൽ നിങ്ങൾക്കെല്ലാം ഉറപ്പ് തരുന്നു.

എന്ന്



വി.എൻ. വാസുദേവൻ നമ്പൂതിരി പാലക്കാട്
മേൽശാന്തി, ജാലഹള്ളി അയ്യപ്പക്ഷേത്രം, ബാംഗ്ളൂർ

ഓം



ശ്രീ മദ്‌വിഷ്ണുമായ പുണ്യപുരാണത്തിലൂടെ ഭക്തത്തോത്തമന്മാരായ സജ്ജനങ്ങൾക്ക് നൽകുന്ന അറിവു ചെറുതൊന്നുമല്ലാത്തതിനാൽ ശ്രീ വിശ്വനാഥൻ രചിച്ച ഈ പുണ്യുപുരാണം ചിരകാല സ്ഥായിയായി നിലനിൽക്കേണ്ടതിന്റെ ആവശ്യകത വരുംതലമുറകൾക്ക് പോലും പ്രയോജനപെടണം എന്നതുകൊണ്ടാണ്.

ശ്രീ പരമേശ്വരന് കാനനസുന്ദരിയായ കൂളിവാകയിൽ പിറന്നമക്കളാണ് ചാത്തന്മാർ. തന്റെകൊട്ടാരത്തിൽ പാർപ്പിക്കാതെ ചാത്തന്മാരെ ഭൂമിയിൽ കൃഷിചെയ്യുന്നതിനും മനുഷ്യരുടെ ക്ഷേമ ഐശ്വര്യത്തിനും വേണ്ടി പ്രവർത്തിക്കാൻ പറഞ്ഞുവിടുന്നു. ഏതേതു കാലഘട്ടത്തിൽ എങ്ങിനെയെല്ലാം കൃഷി പണിയെടുക്കാമെന്ന് മാനവരെ പഠിപ്പിച്ചത് ചാത്തന്മാരാണ്. അതുകൊണ്ട് തന്നെ ഇന്നത്തെ കാർഷിക സംസ്കാരത്തിന്റെ മുൻപതിപ്പുകളാണ് ചാത്തന്മാർ.

അദ്ധ്വാനിക്കുന്ന അടിയാളവർഗ്ഗം വിയർപ്പൊഴുക്കി വിളവെടുത്ത് മേലാളന്മാർക്ക് ഭുജിക്കാൻ നൽകുമ്പോൾ അതിൽ അവർ ഒരയിത്തമോഭ്രഷ്ടോ കാണിക്കാതെ മൃഷ്ടാന്നം ഭുജിക്കുകയും വീണ്ടും അടിയാള വർഗ്ഗത്തിനെ ചവിട്ടി താഴ്ത്തുന്നു. ഇങ്ങനെയുള്ള പരിസ്ഥിതിയെ ഉൻമൂലനം ചെയ്യുന്നതിന് വേണ്ടിയാണ് ചാത്തന്മാർ ഉണ്ടായത്. ചാത്തനും ഭഗവാനും ഭിന്നമല്ല ഒന്നാണെന്ന് തിരിച്ചറിയുന്ന തമ്പുരാൻ സമത്വഭാവത്തോടെ എല്ലാവരെയും കാണുന്നു. ഈ പുണ്യഗ്രന്ഥത്തിലൂടെ കൃഷിയെ പരിപോഷിപ്പിക്കുന്നതോടൊപ്പം തന്നെ ലിംഗ വർഗ്ഗ ജാതിമതഭേദമന്യേ മനുഷ്യർ പരസ്പരം ബഹുമാനിക്കേണ്ടതെങ്ങനെയെന്നും പഠിപ്പിക്കുന്നു. അതു കൊണ്ട് തന്നെ ഈ ഗ്രന്ഥത്തിന്റെ മഹിമ വീണ്ടും എടുത്തു പറയേണ്ടതാണ്.

മദ്ധ്യേകരളത്തിൽ നടത്തിവരുന്ന കളമെഴുത്തുപാട്ടിൽ നിന്നും വ്യത്യസ്ഥമാണ്. വടക്കൻമേഖലകളിൽ കളമെഴുത്തുപാട്ടും കർമ്മങ്ങളും ചെയ്യുന്നത്. മദ്ധ്യകേരളത്തിൽ ഒറ്റകളം പാട്ടും കർമ്മങ്ങളുമാണ് കൂടുതലായും നടത്തിവരുന്നത്. എന്നാൽവടക്കൻ മേഖലയിൽ സകുടുംബത്തിന്റെ തിരുസ്വരൂപങ്ങളെ മൊത്തമായും കെട്ടിയാടുന്നു. പലസ്ഥലങ്ങളിലും വ്യത്യസ്ഥമായശൈലികളാണെങ്കിലും ഇതിനെയെല്ലാം ഏകോപിപ്പിക്കുന്ന ഒരു മഹദ്ഗ്രന്ഥമാണ് ശ്രീമദ് വിഷ്ണുമായ ചാത്തൻ പുണ്യപുരാണം. അതിനാൽ എല്ലാ ഭക്തജനങ്ങൾക്കും സ്വാമിയെക്കുറിച്ചുള്ള ഒത്തിരിചോദ്യങ്ങൾ നിലനിൽക്കുന്നതുകൊണ്ട് ഏതു ചോദ്യമായാലും എല്ലാത്തിനും ഉത്തരം ലഭിക്കുന്നതാണ് ശ്രീ വിഷ്ണുമായ പുണ്യപുരാണത്തിലൂടെ. സ്വാമിയുടെ അനുഗ്രഹത്താൽ സർവ്വർക്കും നന്മ വരട്ടെ.

വാസുദേവൻ പനയൂർ
കളമെഴുത്തുപ്പാട്ട്
S/o.കറുപ്പൻ വൈദ്യർ
കുറുമാൻ തോട്ടിൽ ഹൗസ്, പനയൂർ, വാണിയംകുളം, പാലക്കാട്



ഓം

ശ്രീമദ് വിഷ്ണുമായ പുണ്യപുരാണമെന്ന പാവനഗ്രന്ഥം ശ്രീ വിശ്വനാഥൻ അവർകളുടെ ഗവേഷണകൗതുകത്തെയും അതിനുവേണ്ടി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളെയുദ്യോതിപ്പിക്കുന്നു. പലരും ഭീതിയോടെയും അവജ്ഞയോടെയും നോക്കിക്കാണുന്ന ശ്രീമഹാവിഷ്ണുമായ യഥാർത്ഥത്തിൽ ആരാണെന്നും, ആ മഹാശക്തി എന്തുകൊണ്ടാണ് മറ്റ് ഈശ്വരന്മാരിൽ നിന്നും വ്യത്യസ്തനാകുന്നതെന്നും കലികാലത്തിൽ വിഷ്ണുമായാ പ്രഭാവമെന്താണെന്നുമെല്ലാം വളരെ ആധികാരികമായിത്തന്നെ ഗവേഷണാത്മകമായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

ഭക്തജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ പുണ്യപുരാണഗ്രന്ഥം ഒരു അമൂല്യനിധിയാണ്. വിശിഷ്ടമായ ഈ ഗ്രന്ഥത്തിന്റെ നിർമ്മിതിയിലൂടെ ശ്രീവിശ്വനാഥൻ അവർകളും ഗ്രന്ഥപാരായണത്തിലൂടെ ഭക്തജനങ്ങളും മഹാവിഷ്ണുമായയുടെ അനുഗ്രഹത്തിന് പാത്രീഭൂതരാകുമെന്നത് നിസ്തർക്കമായ വസ്തുതയാണ്. ഈ ഗ്രന്ഥം വായിക്കുവാൻ അവസരം തന്നതിലും, അവതാരികയെഴുതുവാൻ സാധിച്ചതിലുമുള്ള കൃതാർത്ഥത രേഖപ്പെടുത്തുന്നു. ഇനിയും ധാരാളം ഗ്രന്ഥങ്ങൾ സജ്ജനോപകാരകമായി നിർമ്മിക്കുവാൻ വിഷ്ണുമായ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഭാരതമെന്ന മഹാത്ഭുതത്തെ തിരിച്ചറിയുവാനും മാതാവിനെപ്പോലെ രാഷ്ട്രത്തെ സ്നേഹിക്കുവാനും ഈ ഗ്രന്ഥത്തിലൂടെ സർവ്വർക്കും സാധ്യമാകട്ടെ.

ഡോ. വിനീത ജയകൃഷ്ണൻ
അസി. പ്രൊഫസർ
സംസ്കൃത വിഭാഗം
ക്രൈസ്റ്റ് കോളേജ്
ഇരിങ്ങാലക്കുട.



" ഓം ത്രികാലാപദയേ നമഃ"


ശ്രീ മഹാവിഷ്ണുമായ പുണ്യപുരാണം ശരിക്കും ഭക്തജനങ്ങളെ ഗ്രന്ഥപാരായണത്തിലൂടെ പുതിയൊരു അറിവിന്റെ ലോകത്തേക്കാണ് കൂട്ടികൊണ്ടുപോകുന്നത്. ഈ പുണ്യപുരാണം ആദ്യം മുതൽ അവസാനംവരെ കണ്ണൊന്നു ചിമ്മാതെ പാരായണം ചെയ്യുവാനുള്ള അഭിരുചിയോടുകൂടിയാണ് ഗ്രന്ഥകാരൻ രചന നിർവ്വഹിച്ചിരിക്കുന്നത്. കൂടാതെ സനാദനധർമ്മം, ഹൈന്ദവർ, ബ്രാഹ്മണർ, ക്ഷത്രിയൻ, വൈശ്യർ, ശൂദ്രർ ഇവരെല്ലാം എങ്ങനെ ഉണ്ടായി എന്നും പൂണൂലിന്റെ പൂർവ്വനാമം തൃപ്രയാർ, ആറാട്ടുപ്പുഴ, പെരിങ്ങോട്ടുകര, തുടങ്ങിയ സ്ഥലങ്ങളുടെ പൂർവ്വനാമം വളരെ വ്യക്തമായി സാധാരണക്കാരന്റെ ഭാഷയിൽ നിർവ്വചിച്ചിരിക്കുന്നു. വിജ്ഞാനത്തിൽ ഉയർന്ന ഒരു ജനസമൂഹം തന്റെ തന്നെ കൂട്ടത്തിലുള്ള മറ്റു പലരേയും അധഃസ്ഥിത വർഗ്ഗമാക്കിമാറ്റിയതെങ്ങനെയെന്ന് വളരെ നല്ലപ്പോലെ ആവിഷ്ക്കരിച്ചിരിക്കുന്നു. കൂടാതെ ദിനചര്യയിലൂടെ എങ്ങിനെ ജ്ഞാനത്തിന്റെ പാതയിൽ എത്തിചേരാമെന്നും പുത്തൻ തലമുറകൾക്ക് ആരാണ് രാമനെന്നും കൃഷ്ണനെന്നും അറിയാൻപറ്റാതായിരിക്കുന്നു ഇംഗ്ലീഷ് വിദ്യഭ്യാസത്താൽ മാതൃഭാഷയെ മറക്കുന്ന ഈ സാഹചര്യത്തിൽ എല്ലാ വിഭാഗത്തിലുംപെട്ട കുട്ടികളെ സ്ത്രീ പുരുഷഭേദമന്യേ വേദം/പുരാണാദികൾ പഠിപ്പിക്കാൻ ആവശ്യം ഉന്നയിച്ചതുതന്നെ വളരെ ഉചിതമായിരിക്കുന്നു. മാത്രവുമല്ല നമ്മൾ ഓരോരുത്തരും നമ്മുടെ മക്കളെ അതിനായി തയ്യാറാക്കേണ്ടതുമാണ്.

അധഃസ്ഥിതപീഢനം നിയന്ത്രണാതീതമായപ്പോൾ അത് കണ്ട് പ്രകൃതിക്കുപോലും വേദനിച്ചപ്പോൾ അതിനെയെല്ലാം നിയന്ത്രിക്കാനായി മഹാമായയെ മഹാവിഷ്ണുമായയായി ഭാരതഖണ്ഡത്തിന്റെ പല കോണിലും പലനാമത്തിലുമായ് ആ ദിവ്യസ്വരൂപൻ അവതരിച്ചു.

ആ മായാസ്വരൂപന്റെ ഉത്തമഭക്താരിലൊരാളായ ശ്രീ വിശ്വനാഥനും ഈ പുണ്യപുരാണം പാരായണം ചെയ്യുന്ന ഓരോ ഭക്തർക്കും ശ്രീമഹാവിഷ്ണുമായയുടെ എല്ലാവിധ അനുഗ്രഹത്താൽ സർവ്വൈശ്വര്യങ്ങളും വന്നുഭവിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് തൽക്കാലം നിർത്തുന്നു.

എന്ന്,

കെ.ആർ. കൊച്ചുനാരായണൻ (കളമെഴുത്തുപ്പാട്ട്)
കടവത്ത് വീട്, പി.ഒ. നടവരമ്പ്.,
**Ph: 9495422121**



ഓം ശ്രീവിഷ്ണുമായേ നമ:

സാക്ഷാൽ ത്രിഗുണാത്മകതയോടെ പിറവിയെടുത്ത ചാത്തൻസ്വാമിയെ കുറിച്ചുള്ള ശരിയായ വിവരണങ്ങളോടുകൂടിയ ഒരുഗ്രന്ഥം ഇക്കാലമത്രെയും കഴിഞ്ഞിട്ടും ഭൂമിയിൽ ആർക്കും തന്നെ അറിയുവാൻ കഴിഞ്ഞിട്ടില്ല. ആരൊക്കെയൊ? എന്തൊക്കെയൊ? കഥകൾ കെട്ടിചമച്ച് പറയുകയും തങ്ങളുടെ കഷ്ടതകൾക്കുള്ള പരിഹാരാർത്ഥം എവിടെയെങ്കിലും നോക്കിക്കുവാൻ ചെന്നാൽ അയ്യോ, നിങ്ങൾക്ക് വളരെ കഷ്ടകാലമാണ് ചാത്തനെവെച്ച് നിങ്ങൾക്കാരോ മാരണം ചെയ്തീട്ടുണ്ട്. എന്നിങ്ങനെ ചാത്തനെക്കുറിച്ചുള്ള ഒരായിരം പരാതികൾ. പിന്നെ എളുപ്പം പണം സമ്പാദിക്കാൻ ചാത്തനെ ആരാധിക്കുന്നവരുമുണ്ട്. അന്ധവിശ്വാസങ്ങൾക്ക് വേണ്ടിയല്ല ചാത്തനെന്ന് ഈ പുണ്യഗ്രന്ഥത്തിലൂടെ നിങ്ങൾക്ക് മനസ്സിലാകും. നിങ്ങളുടെ ചാത്തനെകുറിച്ചുള്ള എല്ലാവിധ സംശയങ്ങൾക്കും പരിഹാരമാണ് ശ്രീ. വിശ്വനാഥൻ ഗുരുകുലം രചിച്ച ശ്രീമദ് വിഷ്ണുമായ പുണ്യുപുരാണം സാധാരണക്കാരനുപോലും വളരെ ലളിതമായി വായിച്ച് മനസ്സിലാക്കാവുന്ന രീതിയിലാണ് ഈ പുണ്യഗ്രന്ഥത്തിന്റെ രചന നിർവ്വഹിച്ചിരിക്കുന്നത്.

ശ്രീ മഹാവിഷ്ണുമായയാൽ അനുഗ്രഹീതനായ ശ്രീ വിശ്വനാഥനേയും, ഈ പുണ്യഗ്രന്ഥപാരായണം ചെയ്യുന്ന സജ്ജനങ്ങളേയും ശ്രീപരമേശ്വരന്റെ അനുഗ്രഹത്താൽ സമ്പൂർണ്ണത കൈവരിക്കാൻ ഇടയാവട്ടെ.

രവി എടക്കുളം
കളമെഴുത്തുപ്പാട്ട്



ഓം ശ്രീവിഷ്ണുമായേ നമഃ

ശ്രീ മഹാവിഷ്ണുമായപുണ്യപുരാണം ഞാൻ വായിച്ചപ്പോൾ മാത്രമാണ് എനിക്കുണ്ടായിരുന്ന പല സംശയങ്ങൾക്കും വസ്തുനിഷ്ഠമായ രീതീയിൽ തന്നെ എന്റ സംശയങ്ങൾ ദുരീകരിക്കാൻ കഴിഞ്ഞത്. ഞാൻ നിനച്ചിരുന്ന വിഷ്ണുമായ ചാത്തൻ മറ്റൊന്നായിരുന്നു.

കാട്ടുമാടം മനയിൽ പാടത്തും പറമ്പിലും കന്നുകളെ വെച്ച് പണി എടുക്കുന്ന അവിടുത്തെ ചാത്തനെന്ന ഭൃത്യനാണെന്നാണ്. ഒരുനാൾ ചാത്തൻ നിത്യവും പൂജാദികർമ്മങ്ങൾ ചെയ്യുന്ന മനക്കലെ കാരണവരോട് ചോദിച്ചു. എന്താണ് അങ്ങുന്ന് ദിവസോം ആ ഒരു മുറിയിൽ കയറി വാതിലടച്ച് പാട്ടുകളൊക്കെ പാടുന്നത്? ഓ, അതോ! ചാത്താ ഞാനവിടെ എന്റേതായ രീതിയിൽ ഈശ്വരനുമായി ആഘോഷിക്കുകയാണ്. അതെങ്ങനെയാണ് തമ്പ്രാ, ഈശ്വരനുമായി ആഘോഷങ്ങളിൽ പങ്കെടുക്കുന്നത്. അതോ? അത് നിന്നെപ്പോലെ തന്നെ മോന്തിയാകുമ്പോൾ കള്ളും ചാരായോം ചുട്ടമീനും ഇറച്ചിയുമൊക്കെ നേദിക്കും. വരേണ്യവർഗ്ഗത്തിന്റെ അധഃകൃതരോടുള്ള അവജ്ഞാമനോഭാവം അവിടെ പ്രകടമാക്കി എന്നു പറഞ്ഞാൽ മതിയല്ലോ? നിഷ്ക്കളങ്കനായ ചാത്തൻ പിന്നേയും ചോദിച്ചു. എത്രദിവസം ഇങ്ങനെ ചെയ്താലാണ് ഈശ്വരൻ നമ്മളൊന്നിച്ച് ആഘോഷങ്ങൾക്കായി വരുക തമ്പ്രാ. കൃത്യം 41 ദിവസത്തിനുള്ളിൽ തന്നെ ഈശ്വരൻ നിന്റെ മുന്നിൽ പ്രത്യക്ഷപ്പെടും ചാത്താ, നിഷ്ക്കളങ്കമനസ്സോടുകൂടി ചാത്തൻ താൻ കഴിക്കുന്ന ആഹാരം തന്നെ ഈശ്വരനായി നേദിച്ചു. എന്നാൽ തിരുമേനി ചിന്തിച്ചത് വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും നിത്യവും പൂജാദികർമ്മങ്ങൾ ചെയ്തിട്ടും തന്റെ മുന്നിൽ ഈശ്വരൻ പ്രത്യക്ഷപ്പെട്ടിട്ടില്ല, എന്നിട്ടാണ് 41 ദിവസത്തിനുള്ളിൽ ചാത്തന്റെ മുന്നിൽ ഈശ്വരൻ പ്രത്യക്ഷപ്പെടാൻ പോകുന്നത് പരിഹാസഭാവനേ തിരുമേനി ചിരിച്ചുകൊണ്ട് അകത്തേക്ക് കയറിപ്പോയി. എന്നാൽ അന്നുമുതൽ 41 ദിവസവും ഈശ്വരനായ് താൻ കഴിക്കുന്ന ആഹാരം തന്നെ ചാത്തൻ നേദിച്ചു. കൃത്യം 41-ാം നാൾ ഭഗവാൻ വിഷ്ണുമായ അവിടെ പ്രത്യക്ഷപ്പെട്ടു. "പറഞ്ഞുകൊള്ളൂ ഭക്താ എന്ത് വരമാണ് നിനക്ക് നാം തരേണ്ടത്". പരിഭ്രമത്തോടെ ചാത്തൻ വിഷ്ണുമായ സ്വാമിയെ നോക്കി. "എനിക്ക് വരമൊന്നും വേണ്ട തമ്പ്രാ" അങ്ങ് എന്തിനാണ് ഇങ്ങോട്ടിപ്പോൾ വന്നത്? ഈ തൊട്ടുകൂടാത്ത തീണ്ടികൂടാത്തവന്റെ മുറിയിൽ അങ്ങെന്തിനാണ് വന്നത്? അങ്ങ് വേഗം തിരികെ പൊക്കോളൂ, അങ്ങ് ഇവിടെ നിന്നും പെട്ടെന്ന് പുറത്തേക്ക് പൊക്കോളൂ. മറ്റുള്ളവർ കണ്ടാൽ അങ്ങ് അപമാനിതനാകും. എനിക്ക് തിരികെ പോകണമെങ്കിൽ നീ എന്നിൽ നിന്നും വരം സ്വീകരിക്കണം. വരോം കിരോം ഒന്നും എനിക്ക് വേണ്ട. അങ്ങ് ഇവിടെ നിന്നും പോയാൽ മതി. വരം തരാതെ എനിക്ക് തിരിച്ചുപോകാൻ കഴിയില്ല ചാത്താ. എന്നാൽ അങ്ങ് എന്റെ മാടൻ പോത്തിന്റെ രൂപത്തിൽ എന്റെ കൂടെ കഴിഞ്ഞുകൊള്ളൂ. ചാത്തന്റെ വാക്കുകൾ കേട്ട് ഭഗവാൻ വിഷ്ണുമായക്ക് ചിരിവന്നു പോയി. എന്നാലും അവന്റെ ആവശ്യം നിറവേറ്റാതിരിക്കാൻ ഭഗവാന് കഴിയുകയില്ലല്ലോ? അങ്ങനെ ഭഗവാൻ ഒരു പോത്തിന്റെ രൂപത്തിൽ ചാത്തന്റെ കൂടെ അവനറിയാതെ കഴിഞ്ഞു. ഒരു നാൾ ചാത്തൻ

തിരുമേനിയുടെ കൂടെ ദൂരെ എവിടെക്കോ യാത്രപോയി അങ്ങനെ യാത്രാമദ്ധ്യേ ഇടുങ്ങിയ വഴിയിലൂടെയുള്ള യാത്രയായിരുന്നു. തന്റെ കൂടെ നടന്നിരുന്ന ചാത്തനെ കാണാതായപ്പോൾ തിരുമേനി തിരിഞ്ഞുനോക്കി. ചാത്തനവിടെ ശൂന്യതയിൽ നിൽക്കുന്ന തന്റെ പൂജാസാമഗ്രികൾ വെച്ച ചാക്കിനോട് ചാത്തൻ എന്തൊക്കെയോ പറയുന്നു. അതോടൊപ്പം ചാക്കിനോട് തന്റെ കൂടെ വരുവാനായി പറയുന്നതാണ് തിരുമേനി കണ്ടത്. തിരുമേനി ചിന്തിച്ചത് തന്റെ പൂജാസാമഗ്രികൾ വെച്ച ചാക്ക് എങ്ങനെയാണ് ശൂന്യതയിൽ നിൽക്കുന്നത് എന്നാണ്. ചാത്തൻ ഉറക്കെ വിളിച്ചുപറഞ്ഞു. അങ്ങുന്നേ എന്റെ ഈ മാടൻ പോത്തിന് ഈ ഇടുങ്ങിയവഴിയിലൂടെ കടക്കാൻ പറ്റുന്നില്ല. ഈ ചാക്ക് അവന്റെ പുറത്താണ് ഞാൻ വെച്ചിരിക്കുന്നത്. അങ്ങുന്ന് നടന്നുകൊള്ളൂ. ഞാൻ പുറകിൽ വന്നുകൊള്ളാം. തിരുമേനി തിരിച്ച് ചാത്തന്റെ അരികിൽ വന്നു. ശൂന്യതയിൽ നിൽക്കുന്ന ചാക്കിനോട് സംസാരിക്കുന്ന ചാത്തനെ അയിത്തമെല്ലാം മറന്ന് തോളിൽ തട്ടി നോക്കിയപ്പോൾ കണ്ടത് ചാക്ക് തലയിൽ ചുമന്നു നിൽക്കുന്ന വിഷ്ണുമായസ്വാമിയെയാണ്. "എന്റെ പൊന്നുണ്ണി വിഷ്ണുമായെ" എന്നുവിളിച്ചുകൊണ്ട് ആ ബ്രാഹ്മണശ്രേഷ്ഠൻ ഭഗവാന്റെ കാൽക്കൽ വീണപേക്ഷിച്ചു. പൊറുക്കണം മായാ ചാത്താ അവിടുന്നും എന്നെ പരീക്ഷിക്കാൻ വേണ്ടി ആയിരുന്നോ ഇവിടേക്ക് കന്ന് മേക്കാനും പാടത്തും പറമ്പിലും വേലചെയ്യാനുമെല്ലാം വന്നത്. വർഷങ്ങളോളം പൂജയും മന്ത്രവും ഉരുവിട്ടിരുന്ന എനിക്ക് കഴിയാത്തത് ചാത്തനത് നിഷ്പ്രയാസം കഴിഞ്ഞെങ്കിൽ ചാത്തൻ ശരിക്കും ഈശ്വരൻ തന്നെ. അന്നുമുതൽ തിരുമേനി കീഴ്ജാതിക്കാരോടെല്ലാം സമഭാവേന പെരുമാറാൻ തുടങ്ങി.

വിഷ്ണുമായ സ്വാമി തിരുമേനിയോടു പറഞ്ഞു. "ഹേ ബ്രാഹ്മണ ശ്രേഷ്ഠാ, അങ്ങ് ഇനി മുതൽ എന്നോട് ആവശ്യപ്പെട്ടാൽ മാത്രം മതി തൽനിമിഷം അവിടുത്തെ കാര്യങ്ങളെല്ലാം പരിഹരിക്കപ്പെടും". അത് പറഞ്ഞ് വിഷ്ണുമായസ്വാമി അപ്രത്യക്ഷമായി.

മറ്റു പലർക്കും പലകഥകളാണ് പറയാനുള്ളത് എന്നാൽ ഇതൊക്കെയും വാമൊഴിയായി കേട്ട് കേൾവി മാത്രം. ഇതിനൊക്കെ പരിഹാരമായി ശ്രീ വിശ്വനാഥൻ രചിച്ചിട്ടുള്ള മഹാവിഷ്ണുമായ പുണ്യപുരാണം ഒരു വഴികാട്ടിയായി ആധുനികയുഗത്തിലെ എല്ലാവർക്കും ഒരു അമൂല്യനിധിയായി തീരട്ടെ! ഈ പുണ്യപുരാണം വായിക്കുന്നതിൽ നിന്നും ഒട്ടനവധികാര്യങ്ങൾ നമ്മൾക്ക് മനസ്സിലാക്കാൻ കഴിയും എന്നുള്ള കാര്യം വസ്തു നിഷ്ടാപരമെന്നതിൽ സംശയമില്ല. ഭാരത് മഹാൻ രാഷ്ട്രത്തിന്റെ മഹത്വം സർവ്വരിലേക്കും പകർന്നുകൊടുക്കുന്ന ഒരു അമൂല്യ ഗ്രന്ഥമാണിത്. ഈ പുണ്യപുരാണം വായിക്കുന്ന എല്ലാ ഭക്തജനങ്ങൾക്കും മഹാവിഷ്ണുമായയുടെ അനുഗ്രഹത്തിന് അവസരം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് തൽക്കാലം നിർത്തട്ടെ!

അശോകൻ ഗുരുക്കൾ
ഗ്രാന്റ് മാസ്റ്റർ
ആയോധനകലാക്ഷേത്രം
ഇരിങ്ങാലക്കുട
9747400970



“ഓം ത്രിഗുണാത്മകായ നമഃ”

അത്യധികം ഉത്കൃഷ്ടമായ “ശ്രീ മഹാവിഷ്ണുമായ പുണ്യപുരാണം” എന്ന ഗ്രന്ഥ തല്ലജം കലിയുഗവരദനായ ശ്രീമഹാവിഷ്ണുമായ ഭഗവാനെക്കുറിച്ചുള്ള ആധികാരികമായ അറിവിനെ പ്രദാനം ചെയ്യുന്നു. ഈ ഗ്രന്ഥം രചിച്ച ശ്രീ വിശ്വനാഥൻ, അവർകൾ ഭഗവാന്റെ, അനുഗ്രഹം നേരിൽ അറിഞ്ഞ വ്യക്തിയാണെന്നത് ഗ്രന്ഥപാരായണർക്കുകൂടി ആ അനുഗ്രഹശക്തി പകർന്നു കിട്ടുന്നതിന് കാരണമാകുന്നു.

ശ്രീ മഹാവിഷ്ണുമായ ആരാണ്? ത്രിഗുണാത്മകനായിരുന്നിട്ടുകൂടി എന്തുകൊണ്ട് അദ്ദേഹം മറ്റു ചൈതന്യങ്ങളിൽനിന്നും വ്യത്യസ്തനായി നിലകൊള്ളുന്നു.? തുടങ്ങി സാധാരണജനങ്ങൾക്കുണ്ടാകുന്ന ഒരുപാട് ചോദ്യങ്ങൾക്ക് ഗവേഷണാത്മകമായി, ആധികാരികമായിത്തന്നെ ഇതിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ ഉത്തരമേകുന്നുവെന്നത് ഈ ഗ്രന്ഥത്തിന്റെ മഹാത്മ്യമാകുന്നു. ഗായത്രീമന്ത്രാർത്ഥവും, പ്രാധാന്യവും, ഫലശ്രുതിയുമെല്ലാം വിശേഷമായി നൽകിയിരിക്കുന്നത് വായിക്കുന്ന ഓരോരുത്തർക്കും പ്രചോദനമേകുന്നവയാണ്. അവയെ ക്രോഡീകരിച്ച് ആശയങ്ങളെല്ലാം ജനമനസ്സുകളിലെത്തിക്കുവാൻ ശ്രമിച്ച ഗ്രന്ഥകർത്താവിന്റെ ഉദ്യമം അഭിനന്ദനീയം തന്നെ.

ഹൈന്ദവഗൃഹങ്ങളിൽ അന്യം നിന്നുപോയ ആചാരങ്ങളെക്കുറിച്ച് പുതു തലമുറക്ക് സന്ദേശമായി നൽകിയ ‘ദിനചര്യ’ എന്ന ലേഖനം വളരെ പ്രസക്തവും ഉപകാരപ്രദവുമാണ്. കൂടാതെ ഭാരതീയരായി ജീവിക്കുന്ന നാം നമ്മുടെ പൂർവികർ പകർന്നു നൽകിയ അറിവുകളെ മറന്നുകൊണ്ട് പാശ്ചാത്യ സംസ്ക്കാരത്തിലേക്ക് കടക്കുവാൻ ഊറ്റം കൊള്ളുമ്പോൾ, പാശ്ചാത്യർ ആധികാരികമാക്കിയ പലകാര്യങ്ങളും ഭാരതത്തിലാണ് ആദ്യമുണ്ടായതെന്ന തിരിച്ചറിവും ‘ഭാരത്മഹാൻ’ എന്ന ലേഖനം പ്രദാനം ചെയ്യുന്നു.

ഇപ്രകാരം അത്യന്തം വിജ്ഞാനപ്രദമായ ഈ ഗ്രന്ഥം ചിരസ്ഥായിയായി വിളങ്ങുമെന്നതിൽ സംശയമില്ല. ഈ സദുദ്യമത്തിനുവേണ്ടി പ്രയത്നിച്ച ശ്രീ വിശ്വനാഥൻ അവർകൾക്ക് എല്ലാ മംഗളങ്ങളും ആശംസിക്കുന്നു.

‘ഏവർക്കും ഭഗവാൻ മഹാവിഷ്ണുമായയുടെ അനുഗ്രഹ വർഷമുണ്ടാകട്ടെ‘

വേണുഗോപാലൻ, എമ്പ്രാന്തിരി, വടക്കേമഠം
ഇരിങ്ങാലക്കുട



ॐ

ശ്രീമദ് ഭഗവത്ഗീതയും രാമായണവും മഹാഭാരതവും എന്നപോലെ ശ്രീമദ് വിഷ്ണുമായ പുണ്യപുരാണവും ഓരോ ഗൃഹത്തിലും പൂജിക്കപ്പെടേണ്ടതാണ്. മാത്രവുമല്ല; വിഷ്ണുമായസ്വാമിയെക്കുറിച്ചുള്ള അറിവുകൾ സാമാന്യജനങ്ങൾക്ക് വളരെ പരിമിതവും അപ്രാപ്യവുമാണ്. അതുകൊണ്ട്തന്നെ ഈ മഹദ്ഗ്രന്ഥം ഒരു റഫറൻസ് ഗ്രന്ഥം എന്ന നിലയ്ക്കും സവിശേഷമായ ശ്രദ്ധ ആകർഷിക്കുന്നു. ഈ പുണ്യഗ്രന്ഥകർത്താവായ ശ്രീ. വിശ്വനാഥൻ അവർകൾ സ്വാമി വിഷ്ണുമായയാൽ അനുഗ്രഹിക്കപ്പെട്ടവനാണ്.

മധ്യകേരളത്തിലെന്നപ്പോലെത്തന്നെ മറ്റുപല ദേശങ്ങളിൽ പല അപദാന നാമങ്ങളിൽ അറിയപ്പെടുന്ന ശ്രീ വിഷ്ണുമായയെവെച്ചുപൂജിക്കുന്ന ക്ഷേത്രങ്ങളിലും അവരുടെ ഭവനങ്ങളിലും ഈ ഗ്രന്ഥം വൃതശുദ്ധിയോടെ സൂക്ഷിക്കേണ്ടതും, ഗൃഹങ്ങളിൽ നിത്യ പാരായണവും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും കുടുംബാംഗങ്ങളൊത്ത് ക്ഷേത്രാങ്ക ണത്തിൽ സപ്താഹമഹായജ്ഞം നടത്തേണ്ടതുമാണ്. അതുമൂലം ആ ക്ഷേത്രാങ്കണത്തിൽ വന്നെത്തുന്ന സർവ്വ ഭക്തജനങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സർവ്വ ഐശ്വര്യ സമ്പദ് സമൃദ്ധി വന്നുചേരുന്നതാണ്.

വാദ്യകലാരത്നം സജു ചന്ദ്രൻ
ഇരിങ്ങാലക്കുട, പുല്ലൂർ



ഓം ശ്രീവിഷ്ണുമായേ നമ:


ഒരു സംസ്കാരത്തിന്റെ ഗരിമയിൽ അവിടത്തെ ജനങ്ങളുടെ ജീവിതസാഹചര്യങ്ങൾക്കൊപ്പം തന്നെ പ്രധാനമായൊരു പങ്ക് ഉണ്ട് അവരുടെ ദൈവസങ്കൽപ്പങ്ങൾക്കും, ഇന്ത്യൻ നാഗരീകതയുടെ ചരിത്രം പരിശോധിക്കുമ്പോൾ ദ്രാവിഡർ, ആര്യാർ, മുസ്ലീം ഭരണാധികാരികൾ, യൂറോപ്യർ എന്ന സുവ്യക്തമായ ഒരു ക്രമം രൂപപ്പെടുന്നതുകാണാം. എന്നാൽ ഇന്ത്യയുടെ തെക്കേ അറ്റത്ത് അറബിക്കടലിനും സഹ്യപർവ്വതത്തിനുമിടയിൽ കിടക്കുന്ന കേരളത്തിന്റെ സ്ഥിതി അതല്ല. സുഗന്ധ വ്യഞ്ജനങ്ങളുടെയും സാംസ്കാരിക ഉന്നതിയുടെയും വേരുകൾതേടി ലോകത്തിന്റെ സകല ഭാഗങ്ങളിൽ നിന്നുമുള്ളവർ ചെന്നെത്തിയത് കേരളത്തിലെ മുസിരീസ്, കോഴിക്കോട് തുടങ്ങിയ പുരാതന തുറമുഖങ്ങളിലാണെന്നത് ആകസ്മികമല്ല. സിന്ധു നദിക്കിപ്പുറം എല്ലാ സംസ്കാരങ്ങളെയും സ്വീകരിക്കാൻ തക്ക വിശാലഹൃദയരായ ഒരു ജനത ഇവിടെ ജീവിച്ചിരുന്നു എന്നും അവരെ നയിക്കുന്നതിന് ചുമതലപ്പെട്ട നാട്ടുരാജാക്കന്മാരിൽ ആ ഔന്നത്യം കാണാം എന്നതുമാണ് അതിനു കാരണം. ഇന്ത്യയിലെ മറ്റുപല ഭാഗങ്ങളിലും പലവിധ വൈരുദ്ധ്യങ്ങളുടെ സംഘർഷത്തിൽ പെട്ട് കത്തിയെരിയുമ്പോഴും ഒരു പരിധിവരെ സാഹോദര്യത്തിന്റെയും സമാവായത്തിന്റെയും സംഗീതം പൊഴിക്കുന്ന ദൈവത്തിന്റെ സ്വന്തം ഇടമായി ഈ കൊച്ചുസംസ്ഥാനം മാറിയതും അതുകൊണ്ടുതന്നെ.

ഇങ്ങനെയൊക്കെയാണെങ്കിലും അസഹിഷ്ണുതയുടെ ചെറിയ വിത്തുകൾ ഈ ഹരിതഭൂമിയിലും മുളപൊട്ടാൻ തുടങ്ങുന്നു എന്നുള്ളത് നാ കണ്ടില്ലെന്നു വച്ചുകൂടാ. ആ മനോഗതിയിൽ നിന്നുയർന്നുവന്ന ഒരു പ്രതിരോധമായാണ് ഈ പുസ്തകത്തെ ഞാൻ കാണുന്നത്. വെളുത്തവൻ-കറുത്തവൻ, പണ്ഡിതൻ-പാമരൻ, ധനവാൻ-ദരിദ്രൻ നൂറു കണക്കിനുവരുന്ന ഇത്തരം തരംതിരിവുകളുടെ വേരുകൾ തിരഞ്ഞുചെല്ലുമ്പോൾ നാമെത്തിച്ചേരുന്നത്. നമ്മുടെ സംസ്ക്കാരത്തിന്റെ ആദ്യകാലങ്ങളിലാണ്. ദ്രാവിഡ സംസ്കാരത്തിന് പ്രാമുഖ്യമുണ്ടായിരുന്ന ഒരു ജനതയെ ആര്യസംസ്കൃതി വിഴുങ്ങാൻ തുടങ്ങുന്നേടത്തുനിന്ന് ആരംഭിക്കുന്നു ഈ വൈപരീത്യം. താഴ്ന്നവനും ഉയർന്നവനും എന്ന ബോധം ജനങ്ങളിൽ മാത്രമല്ല ദൈവത്തിനും വന്നു എന്നതായി അതിന്റെ ഫലം. വിഷ്ണുവിനെയും അതിന്റെ പത്ത് അവതാരങ്ങളെയും കൂടെയുള്ള ദേവഗണങ്ങൾക്കും ദേവലോകതുല്യമായ അമ്പലങ്ങളൊരുങ്ങിയപ്പോൾ കരിങ്കുട്ടിയും വീരഭദ്രനുമെല്ലാം മുല്ലത്തറയിലൊതുക്കപ്പെട്ടു. അങ്ങിനെ

ആയിക്കൂട എന്നും എല്ലാം ഒന്നെന്ന ഭാവേനേയാണ് വിഷ്ണുമായ ഉൾപ്പടെയുള്ള ഈ ദൈവങ്ങളെന്നും സവിസ്ഥരം ഉറപ്പിക്കുകയാണ് ഈ പഠനം.

കണ്ടനും മാണിക്ക്യനും തങ്കിപ്പെണ്ണിനുമൊപ്പം പാർശ്വവൽക്കരിക്കപ്പെട്ട ഈ ദൈവങ്ങൾക്കും സമൂഹമനസ്സിലും വിശ്വാസത്തിലും ചരിത്രത്തിലും ഉണ്ടായിരുന്ന സ്ഥാനം ഓർമ്മപ്പെടുത്തുന്നതാണ് ശ്രീ എം.എം. വിശ്വനാഥന്റെ ഈ സൃഷ്ടി. ഓർമ്മകൾ നഷ്ടപ്പെട്ടതാണ് സുകൃതം നിറഞ്ഞ ഒരു ജനതയെ പ്രായമായ അച്ഛനമ്മമാരെ വഴിവക്കിലും അമ്പലനടയിലും ഉപേക്ഷിക്കുന്ന മക്കളായും, പെൺമക്കളെ മാംസച്ചന്തയിൽ വിലപറഞ്ഞു വിൽക്കുന്ന മാതാപിതാക്കളുമാക്കി മാറ്റിയത്. അതുകൊണ്ട് ഓരോ ഓർമ്മപ്പെടുത്തലും നമുക്കിന്ന് വിലപ്പെട്ടതാണ്, ഓർമ്മപ്പെടുത്തുന്നവർ അഭിവന്ദ്യരും. നിലവിലുള്ള വിശ്വാസങ്ങളെ ഹനിക്കാതെ തന്നെ, കാലപ്രവാഹത്തിന്റെ അനിവാര്യതയിൽ മാഞ്ഞുപോയ വിശ്വാസത്തിന്റെ ഒരു സാഗരത്തിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോയി ഒരു പുതിയ മനുഷ്യനാവാൻ നമ്മെ പ്രേരിപ്പിക്കുന്ന വിശ്വനാഥന്റെ ശ്രമങ്ങൾക്ക് ഒരായിരം നന്ദി. രാഷ്ട്രബോധം ഉണർത്തുന്ന ഭാരതം മഹാത്ഭുതം എന്ന ലേഖനം വായനക്കാർക്ക് ഭാരതത്തിനെകുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നു. ഇതിന്റെ വായനയിലൂടെ സ്വയം നവീകരിക്കപ്പെടാൻ ആഗ്രഹിക്കുന്ന വായനക്കാരനും ഒരായിരം ആശംസകൾ!

ഡോ. കെ.യു.പമ്പാവാസൻ
മുരിയാട്



ഓം ശ്രീ മായാസ്വരൂപായ നമ:

തൻ അമ്പലം  നന്നായാൽ പൊന്നമ്പലം തൊഴേണ്ട. ശ്രീ നാറാണത്തു ഭ്രാന്തന്റെ വാക്കുകളെ സ്മരിക്കുകയാണിവിടെ. ഒന്നും സ്വയം നന്നാകുന്നില്ല. സ്വപ്രയത്നത്താൽ നമ്മൾ ഓരോരുത്തരും സ്വക്ഷേത്രത്തെ നന്നാക്കിയെടുക്കുകയാണ് വേണ്ടത്. നമ്മുടെയെല്ലാം പൂർവ്വികരുടെ സംഭാവനകൾ മാത്രമാണ് ഇങ്ങനെയുള്ള പുരാണങ്ങൾ. ശ്രീ വിശ്വനാഥൻ ഗുരുകുലം എഴുതിയ ശ്രീമദ് വിഷ്ണുമായ കുക്ഷിശാസ്താ പുണ്യപുരാണം എത്രയും പെട്ടെന്ന് തന്നെ ജനഹൃദയങ്ങളിൽ ചെന്നെത്തേണ്ടത് ഈ കാലഘട്ടത്തിന്റെ അത്യാവശ്യമാണ്. ഒരു മനുഷ്യജീവിതത്തിൽ അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളും ഈ ഗ്രന്ഥത്തിലുണ്ട്. വിഷ്ണുമായാസ്വാമിയുടെ ജന്മം മുതൽ ആരാണ് സ്വാമി എന്താണ് സ്വാമിയെ സേവിച്ചാൽ ലഭിക്കുക എന്നു തുടങ്ങി യോഗയിലൂടെ മനുഷ്യജന്മത്തിന് കൈവരുന്ന മേന്മകൾ ദിനചര്യ എന്നിങ്ങനെ വസ്തുനിഷ്ഠമായ കാര്യങ്ങൾ ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെയാണ് ഇത് ഒരു പുണ്യപുരാണമായി മാറിയത്.

ഈ പുണ്യപുരാണ പാരായണത്തിലൂടെ എല്ലാവരും ജ്ഞാനാധിഷ്ഠിതമാകട്ടെ മഹാവിഷ്ണുമായാ സ്വാമിയുടെ അനുഗ്രഹത്താൽ എല്ലാവർക്കും സർവ്വൈശ്വര്യം കൈവരട്ടെ.

എന്ന്

മനോജ് കോമ്പാറ
പെരുംപാലയ്ക്കൽ
കളമെഴുത്തുപാട്ട്
9349854928



**ഓം ശ്രീഗുരുഭ്യോ നമഃ**

**മാറ്റങ്ങൾ അനിവാര്യമാണ് കാലാന്തരത്തിൽ സർവ്വചരാചരങ്ങൾക്കും ഭൂമിയിൽ മാറ്റം സംഭവിക്കുന്നു. സംഭവിച്ചുകൊണ്ടേ ഇരിക്കുന്നു, മാറ്റങ്ങൾ ഭവിക്കാത്ത മൂന്ന് ഘടകങ്ങൾ ഭൂമിയിൽ ഉണ്ടെന്നകാര്യം ഓർക്കുക. സൂര്യനും, ജലവും, വായുവും ത്രിമൂർത്തി ശക്തി ചൈതന്യങ്ങളാണ്. ഈ മൂന്ന് ഘടകങ്ങൾക്കും ഭൂമിയിൽ മാറ്റമില്ലാതെ നിലനിൽക്കുന്നതുകൊണ്ടാണ് നമ്മൾക്കീ ഭൂമിയിൽ വസിക്കാൻ കഴിയുന്നത് തന്നെ. എന്നാൽ പരമാത്മ ചൈതന്യമായ മായാമയനോ രൂപമോ ഭാവമോ വേഷമോ ഇല്ലാതെ സർവ്വ ചരാചരങ്ങളിലേയും മാറ്റങ്ങൾക്ക് ഹേതുവാകുന്നത് മായയാണ് അങ്ങനെയുള്ള മാറ്റങ്ങൾക്ക് ഹേതുവായ മായയെ ആരാധിച്ചാൽ നമ്മൾക്ക് കൈവരുന്ന മാറ്റങ്ങൾ സർവ്വൈശ്വര്യസംപൂർണ്ണമായിരിക്കും**

**ആ മായയെക്കുറിച്ചറിയുവാനായി ശ്രീ. വിശ്വനാഥൻ (ഗുരുകുലം) രചിച്ച ശ്രീമദ് മഹാവിഷ്ണുമായ കുട്ടിച്ചാത്തൻ പുണ്യപുരാണം ഭക്തജനങ്ങൾക്ക് വലിയൊരു മുതൽ കൂട്ടാകുമെന്ന കാര്യത്തിൽ യാതൊരുവിധ തർക്കവുമില്ല.**

**പ്രദീപ് കോക്കാട്ട്**
**വിഷ്ണുമായ വെളിച്ചപ്പാട്**
**9645144046**